**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 2878/AD AI 2/2018/AD A1 തീയതി: 01.11.2019

## <u>സർക്കുലർ</u>

വിഷയം:- കെ.പി.സി.ആർ., ഒ.ഇ.സി., പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ നൽകി വരുന്ന ഫീസ് ആനുകൂല്യം - പരീക്ഷാ ഫീസ് ഇനത്തിൽ നൽകിവരുന്ന ഇളവ് - സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട പരീക്ഷാ ഫീസ് - കോളേജുകൾ കൃത്യസമയത്ത് പണം സർവ്വകലാശാലയിലേക്ക് ഒടുക്കാത്തത് മൂലം സർവ്വകലാശാലയ്ക്കുണ്ടാവുന്ന ഭീമമായ ധനനഷ്ടം - ഡി.സി.ബി. തയ്യാറാക്കുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 30.10.2019-ലെ വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രൊ-വൈസ് ചാൻസിലറുടെ കുറിപ്പ് നം. വി.സി.702/01/163/2019.

------

സർവ്വകലാശാലാ പരീക്ഷകൾക്ക് കോളേജുകളിൽ നിന്നും രജിസ്റ്റർ ചെയ്യുമ്പോൾ കെ.പി.സി.ആർ., ഒ.ഇ.സി., പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ നൽകിവരുന്ന ഫീസ് ആനുകൂല്യം പരിഗണിച്ച് ഫീസിളവ് നൽകിയാണ് രജിസ്ട്രേഷൻ അനുവദിച്ച് വരുന്നത്. സർക്കാരിൽ നിന്നും ഫീസിനത്തിൽ റീ ഇംബേഴ്സ്മെൻറായി ലഭിക്കുന്ന തുക കോളേജുകൾ യഥാസമയം സർവ്വകലാശാലയിലേക്ക് ഒടുക്കണം എന്ന നിബന്ധനയോടെയാണ് ഇപ്രകാരം ഫീസിളവോടെ രജിസ്ട്രേഷൻ നൽകുന്നത്. എന്നാൽ, ഇത്തരത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന റീ ഇംബേഴ്സ്മെൻറ് തുക കോളേജധികൃതർ കൃത്യമായി സർവ്വകലാശാലയിലേക്ക് അടയ്ക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ നടത്തുന്ന ഓഡിറ്റിലും ലോക്കൽ ഫണ്ട് ഓഡിറ്റിലും പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ പരിഗണിച്ചും, സർവ്വകലാശാലയുടെ ഇപ്പോഴത്തെ മോശമായ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും, വരുമാന ചോർച്ച തടഞ്ഞ് ഫീ കളക്ഷൻ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രൊ-വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. കെ.പി.സി.ആർ., ഒ.ഇ.സി., പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ നൽകിവരുന്ന ഫീസ് ആനുകൂല്യത്തിന് വിധേയമായി സർവ്വകലാശാലയ്ക്ക് പരീക്ഷാ ഫീസ് ഒടുക്കുമ്പോൾ നൽകിവരുന്ന ഇളവ് സംബന്ധിച്ച് എല്ലാ സെക്ഷനുകളിലും ഡി.സി.ബി. അടിയന്തിരമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഇത് 15.11.2019-ന് മുൻപായി സർവ്വകലാശാല ധനകാര്യവിഭാഗത്തിലെ ഇൻറേണൽ ഓഡിറ്റ് സെക്ഷനിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.
2. പരീക്ഷാ രജിസ്ട്രേഷൻ സംബന്ധമായ ഓൺലൈൻ ഡാറ്റയിൽ നിന്നും ഇത്തരം വിദ്യാർത്ഥികളുടെ കോളേജ് തിരിച്ചുള്ള വിശദാംശങ്ങൾ മുൻവർഷങ്ങളിലേതുൾപ്പെടെ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

Draft #15 of File 2878/AD AI 2/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 01-Nov-2019 02:04 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. എല്ലാ സെക്ഷനുകളും ഡി.സി.ബി.യും ഫീ ഫണ്ട് രജിസ്റ്ററും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ടി രജിസ്റ്ററുകൾ ഇൻറേണൽ ഓഡിറ്റ് വിഭാഗം പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.
4. പരീക്ഷാ രജിസ്ട്രേഷൻ ഓൺലൈനായതിനുശേഷമുള്ള ഡാറ്റ സീടെക്കിൽ നിന്നും ലഭ്യമാകുമെന്നതിനാൽ ഇത് സെക്ഷനുകൾക്ക് നൽകേണ്ടതും സെക്ഷനുകൾ കോളേജുകളുമായി ബന്ധപ്പെട്ട് നാളിതുവരെ മേൽ സൂചിപ്പിച്ചിരിക്കുന്ന ഫീസുകൾ സർവ്വകലാശാലയിലേക്ക് ഒടുക്കിയതിൻറെ രേഖകൾ പരിശോധിച്ച് കുടിശ്ശിക നിർണ്ണയിക്കേണ്ടതും, ഇത് യുദ്ധകാലാടിസ്ഥാനത്തിൽ കോളേജുകളിൽ നിന്നും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.
5. 2019-20 അദ്ധ്യയന വർഷം മുതലുള്ള മേൽ സൂചിപ്പിച്ചിരിക്കുന്ന ഫീസിനത്തിൽ കോളേജുകളിൽ നിന്നും ലഭിക്കേണ്ട സർക്കാരിൽ നിന്നുമുള്ള ഫീ റീ ഇംബേഴ്സ്മെൻറ് തുക, പരീക്ഷകൾ തിരിച്ചുള്ള വിശദമായ കണക്ക് കോളേജ് പോർട്ടലിൽ ലഭ്യമാക്കുന്നതിനു സീടെക്കിൽ നിന്നും ക്യാപ് വിഭാഗത്തിന് കൈമാറേണ്ടതാണ്. കോളേജുകൾക്ക് ഓൺലൈനായി പണം ഒടുക്കാനുള്ള സൗകര്യം "കോളേജ് ലോഗിനിൽ" ലഭ്യമാക്കേണ്ടതുമാണ്.
6. മേൽ സൂചിപ്പിച്ചിരിക്കുന്ന ഫീസിനത്തിൽ സർവ്വകലാശാലയ്ക്കുണ്ടാവുന്ന ധനനഷ്ടം ഡി.സി.ബി. എഴുതി സൂക്ഷിക്കാത്ത / നിരുത്തരവാദപരമായി കൈകാര്യം ചെയ്യുന്ന സെക്ഷനുകളിലെ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തുടർനടപടകിൾ കൈക്കൊള്ളുന്നതായിരിക്കും.

സർവ്വകലാശാലയുടെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് റവന്യൂ വരുമാനം വർദ്ധിപ്പിക്കേണ്ടതും റവന്യൂ വരുമാനത്തിൽ ചോർച്ചയുണ്ടാവുന്നത് തടയേണ്ടതും എല്ലാവരുടെയും ഉത്തരവാദിത്തമായി കണ്ട് മേൽ വിഷയത്തിൽ കൂട്ടായ പ്രവർത്തനവും വ്യക്തിപരമായ താത്പര്യവും ഉണ്ടാവേണ്ടതാണ്.

ഒപ്പ്

**പ്രേംകുമാർ ആർ**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലർ /പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷാ/ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി.
6. സ്റ്റോക്ക് ഫയൽ/ഫയൽകോപ്പി/നോട്ടീസ് ബോർഡ്

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #15 of File 2878/AD AI 2/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 01-Nov-2019 02:04 PM - Page 2